ശ്രീ. എം. പി. എം. ഇസ്‌ഹാക്ക്‌ കുരിക്കൾ: വെളിച്ചവിപ്ലവ പരിപാടി അനുസരിച്ച്‌ 1981 മാർച്ച്‌വരെയുള്ള എല്ലാ കണക്‌ഷനുകളും കൊടുക്കുമെന്ന്‌ മന്ത്രി വ്യക്‌തമാക്കി. തിരുവനന്തപുരം, എറണാകുളം തുടങ്ങിയ ജില്ലകളിൽ 1984–85-ൽ മിനിമം ഗ്യാരൻറി വച്ചവർക്ക്‌ കണക്‌ഷൻ കൊടുത്തപ്പോഴും മലപ്പുറം ജില്ലയിൽ 1979–80-ൽ മിനിമം ഗ്യാരൻറി വച്ചിട്ടുള്ളവർക്ക്‌ ഇന്നും കണക്‌ഷൻ കിട്ടിയിട്ടില്ലെന്ന ദയനീയ സ്‌ഥിതി സർക്കാരിന്‌ അറിയാമോ? അതു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്‌: മിനിമം ഗാരൻറിവച്ച കുറെ പ്രദേശങ്ങളിൽ കണക്‌ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതു കഴിയുന്നതും വേഗം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്‌.

ശ്രീ. സിറിയക്‌ ജോൺ: ഒരു വർഷംമുൻപ്‌ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒരു പരാമർശത്തെത്തുടർന്ന്‌ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്‌ണപിള്ള മന്ത്രിസ്‌ഥാനം രാജിവച്ചു. അദ്ദേഹത്തിനു ശേഷം ശ്രീ. കെ. എം. മാണി ആ വകുപ്പ്‌ ഏറെടുത്തു. അതിനുശേഷം വെളിച്ചവിപ്ലവത്തിൻറെ ഭാഗമായിട്ടുള്ള ലൈൻ എക്‌സ്‌റ്റൻഷൻ വർക്കുകളും സ്‌പെഷ്യൽ ഓർഡറിൻറെ അടിസ്‌ഥാനത്തിലുള്ള ഹൗസ്‌ കണക്‌ഷൻ ജോലികളും, പുരോഗമിച്ചുവരികയായിരുന്നു. വീണ്ടും ശ്രീ. ബാലകൃഷ്‌ണപിള്ള ഈ വകുപ്പിൻറെ ചാർജ്‌ ഏറെടുത്തതിനുശേഷം ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു പ്രതികാരനടപടിയെന്നുള്ള നിലയിൽത്തന്നെ സ്‌റ്റേ ചെയ്‌തിരിക്കുകയാണ്‌. സ്‌പെഷ്യൽ ഓർഡറുകളുമായിട്ട്‌ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു നട്ടം തിരിയുകയാണ്‌. വീണ്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ബാലകൃഷ്‌ണപിള്ളയുടെ ഫ്യൂസ്‌ ഊരിവച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിനെ സംബന്ധിച്ചിടത്തോളം വേഗം തന്നെ തുടർന്നുള്ള ബാക്കി നടപടികൾകൂടി പൂർത്തിയാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്‌: വെളിച്ചവിപ്ലവത്തിൻറെ ഭാഗമായിട്ട്‌ തുടങ്ങിവച്ച ഏതെങ്കിലും പരിപാടികൾ നിർത്തിവയ്‌ക്കാൻ യാതൊരു ഉത്തരവും കൊടുത്തിട്ടില്ല. അത്‌ അടിസ്‌ഥാനരഹിതമായിട്ടുള്ള ഒരു ആക്ഷേപമാണ്‌. അങ്ങനെ ഒരു നിർദ്ദേശമോ ഉത്തരവോ കൊടുത്തിട്ടില്ല. മനഃപൂർവ്വം ഒരു പ്രചരണമെന്നുള്ളനിലയിൽ പറയുന്നതാണ്‌. അന്ന്‌ ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടികളും ഇപ്പോഴും ബോർഡ്‌ സ്വീകരിച്ചുവരുന്നുണ്ട്‌.

കേരളാ സ്‌റ്റേറ്റ്‌ ഇലക്‌ട്രിസിറ്റി ബോർഡിലെ സ്‌റ്റോറുകൾ

* 516 [550] ശ്രീ. പി. സീതിഹാജി:
,, എ.വി. അബ്‌ദുറഹിമാൻ ഹാജി:
,, പി.എം. അബൂബക്കർ:
,, പി.വി. മുഹമ്മദ്‌:
പി.കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്‌ വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരള സ്‌റ്റേറ്റ്‌ ഇലക്‌ട്രിസിറ്റി ബോർഡിൽ ഇപ്പോൾ എത്ര സ്‌റ്റോറുകൾ ഉണ്ട്‌;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്റ്റോറുകളുടെ ചുമതലയിൽനിന്നു, സ്റ്റോർ കീപ്പർമാരെ ഒഴിവാക്കി, പകരം എൻജിനീയറൻമാരെ ഏൽപ്പിക്കാൻ എന്തെങ്കിലും നടപടി ബോർഡ് കൈക്കൊണ്ടിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ എന്തു കാരണത്താലാണെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എ. ജേക്കബ്):

(എ) 41 എണ്ണം.

(ബി) സ്റ്റോറുകളുടെ പുനഃസംവിധാനത്തെത്തുടർന്ന് സാധന സാമഗ്രികളുടെ കൈമാറ്റ നിയന്ത്രണവും, ചുമതലയും എൻജിനീയർമാരുടെ അധീനതയിൽ കൊണ്ടുവരാനുള്ള നടപടികളും എടുത്തിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ ചില സ്റ്റോർ കീപ്പർമാർ കൊടുത്തിട്ടുള്ള കേസുകളുടെ തീരുമാനം ആകുന്നതുവരെ അനന്തര നടപടികളും നിർത്തിവച്ചിരിക്കുകയാണ്.

(സി) വിദ്യുച്ഛക്തി ഉൽപ്പാദന പ്രസരണ വിതരണ മേഖലകളിൽ ആവശ്യമുള്ള സാധനസാമഗ്രികളുടെ നേരിട്ടുള്ള നിയന്ത്രണം സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരിൽ നിക്ഷിപ്തമാക്കുന്നത് കൂടുതൽ കാര്യക്ഷമമായിരിക്കുമെന്നുള്ളതുകൊണ്ട് സ്റ്റോറുകളുടെ പുനഃസംവിധാനത്തെ തുടർന്ന് സാധനസാമഗ്രികളുടെ കൈമാറ്റ നിയന്ത്രണവും, ചുമതലയും, എൻജിനീയർമാരുടെ അധീനതയിൽ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കോടതിയുടെ ഉത്തരവ് പ്രകാരം ഇപ്പോഴും സ്റ്റോറുകളും നിലനിൽക്കുന്നുണ്ടെന്നാണ്. ആ സ്റ്റോറുകളിലെ ഉദ്യോഗസ്ഥൻമാർ നിലനിൽക്കുന്നുണ്ടെന്നല്ലാതെ അവിടെ മെറ്റീരിയൽസൊന്നും സപ്ലൈ ചെയ്യുന്നില്ല. മലപ്പുറം ജില്ലയിൽ പാലക്കാട് നിന്നും, കോഴിക്കോട് നിന്നും കൊണ്ടുവരുന്ന സാധനങ്ങളാണുള്ളത്. കോടതിയുടെ റൈനൽ വിധി വരുന്നതുവരെയെങ്കിലും നിലവിലുള്ള സ്റ്റോറുകൾ മെറ്റീരിയൽസ് കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി. എ. ജേക്കബ്: കോടതി വിധിയും, മെറ്റീരിയൽസ് കൊടുക്കുന്നതുമായി യാതൊരു ബന്ധവുമില്ല. സ്റ്റോർകീപ്പർമാരിൽ ചിലരാണ് കോടതിയെ സമീപിച്ചതും, എൻജിനീയേഴ്സിനെതിരെ അതിന്റെ ചുമതല ഏൽപ്പിച്ചുകൊണ്ടുള്ള നടപടിക്ക് താൽക്കാലികമായിട്ട് ഒരു സ്റ്റേ വാങ്ങിയതും. നിലവിലുള്ള 41 സ്റ്റോറുകളിലും, ഓരോ കേന്ദ്രത്തിലെയും ആവശ്യമനുസരിച്ചുള്ള മെറ്റീരിയൽസ് സ്റ്റോർ ചെയ്യുന്നുണ്ട്. അത് ആവശ്യമനുസരിച്ച് വിതരണവും നടത്തുന്നുണ്ട്.

ശ്രീ. പി. സീതിഹാജി: മലപ്പുറത്ത്, തിരൂരിലും, മഞ്ചേരിയിലും രണ്ടു സ്റ്റോറുകളുണ്ടായിരുന്നു. അവിടെ യാതൊരു മെറ്റീരിയൽസുമില്ല. ഇപ്പോഴും മെറ്റീരിയൽസിന് പാലക്കാട് പോകണം; എന്നാൽ ഉദ്യോഗസ്ഥൻമാർ അവിടെയുണ്ട്. അതുകൊണ്ടാണ് ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ 41 സ്റ്റോറുകളാണ് നിലവിലുള്ളത്. ആ 41 സ്റ്റോറുകളിലേക്കും മെറ്റീരിയൽസ് കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച സ്റ്റോറിൽ മെറ്റീരിയൽസിന്റെ അഭാവമുണ്ടെങ്കിൽ അത് പ്രത്യേകമായിട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി: ഞാൻ മനസ്സിലാക്കിയത് ശരിയാണെങ്കിൽ മലപ്പുറം പ്രദേശത്ത് സ്റ്റോറുകൾ കുറവായതുകൊണ്ട് തിരു-കൊച്ചി പ്രദേശത്തെ അപേക്ഷിച്ച് അവിടെ മെറ്റീരിയൽസ് കിട്ടാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതിന്റെ വെളിച്ചത്തിൽ ആ പ്രദേശങ്ങളിൽ കൂടുതൽ സ്റ്റോറുകൾ തുറക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഓഫീസുകളുണ്ടാക്കുന്നതിന്റെയടിസ്ഥാനത്തിലാണ് സ്റ്റോറുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നത്. നമ്മുടെ സ സ്ഥാനത്തു പ്രധാനമായിട്ടും 3 റീജിയണൽ സ്റ്റോറുകളാണുള്ളത്. കുണ്ടറയിലും ആലുവായിലും കോഴിക്കോട്ടുമുള്ള റീജിയണൽ സ റ്റോറുകളാണ് പ്രധാനമായിട്ടുള്ള സംഭരണ കേന്ദ്രങ്ങൾ. അവിടെനിന്നാണ് മറ്റു സ്റ്റോറുകളിലേക്കുള്ള വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസുള്ള എല്ലാ സർക്കിൾസിലും ഇതിനോടകം തന്നെ സ്റ്റോറുകൾ തുറന്നുകഴിഞ്ഞിട്ടുണ്ട്. മലപ്പുറം പ്രദേശത്തെ പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നാലു കേന്ദ്രങ്ങളിൽ ഇപ്പോഴത്തെ ഈ ഡിസ്ട്രിബ്യൂഷൻ സർക്കിൾ സ്റ്റോറുകൾ നിലവിലുണ്ട്. അവിടെയും ആവശ്യമുള്ള മെറ്റീരിയൽസ് ലഭ്യമാക്കുന്നുണ്ട്.

ശ്രീ. പി.വി. മുഹമ്മദ്: ഈ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അവലംബിക്കുന്ന മാനദണ്ഡമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആദ്യം പറഞ്ഞ ഓഫീസുകൾ തുറക്കുന്നതിനനുസരിച്ചാണ് സ്റ്റോറുകൾ തുറക്കുന്നതെന്ന്. എല്ലാ ഡിസ്ട്രിബ്യൂഷൻ സർക്കിളിലും ഓരോ സ്റ്റോർ ഉണ്ടായിരിക്കണമെന്നുള്ള നിർദ്ദേശമുണ്ട്. കൂടാതെ ചില സ്ഥലങ്ങളിൽ, റിമോട്ട് ഏരിയാ ആണെങ്കിൽ അവിടെ എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിൽ ചില സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. പി.വി. മുഹമ്മദ്: ഇത്തരം സ്റ്റോറുകളിൽ കള്ളവ് നടക്കുന്നുണ്ടെന്നുള്ള ധാരാളം പരാതികളുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെ ചില പരാതികൾ കിട്ടുകയും അതനുസരിച്ച് കുറ്റക്കാർക്കെതിരായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ശ്രീ. സീതിഹാജി നേരത്തെ വളരെ പ്രധാനപ്പെട്ട, ഒരു ചോദ്യമാണ് ചോദിച്ചത്. സർക്കിൾ ഓഫീസില്ലാത്ത സ്ഥലത്തു ഇപ്പോൾ സ്റ്റോറില്ല. മലപ്പുറം ജില്ലയിൽ സർക്കിൾ ഓഫീസില്ല. അവിടെ പാലക്കാട്നിന്നാണ് മെറ്റീരിയൽസ് കൊണ്ടുവരേണ്ടത്. അതുകൊണ്ട് സർക്കിൾ ഓഫീസില്ലാത്ത ജില്ലകൾക്ക് വലിയ വിഷമം അനുഭവപ്പെടുന്നു. അതിന് ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്തു സർക്കിൾ ഓഫീസ് നിലവിലുള്ള എല്ലായിടത്തും സ്റ്റോറുകളുണ്ട്. കുറച്ചുകൂടി ലളിതമായ നിലയിൽ മെറ്റീരിയൽസ് കിട്ടുന്നതിനുവേണ്ടി ഡിസ്ട്രിബ്യൂഷന്റെ 5 സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ അഞ്ചെണ്ണത്തിൽ തന്നെ മഞ്ചേരി, കൽപ്പറ്റ, കാസർകോട് എന്നി മൂന്നെണ്ണം മലബാർ പ്രദേശത്താണ്. മറ്റു രണ്ടെണ്ണം ഇടുക്കിയിലും പത്തനംതിട്ടയിലുമാണ് പ്രവർത്തിക്കുന്നത്. ഡിസ്ട്രിബ്യൂഷൻ സബ്സ്റ്റോറുകൾ വഴി മെറ്റീരിയൽസ് വിതരണംചെയ്യാൻ സംവിധാനമുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കൺസ്യൂമേഴ്സിന്റെ എണ്ണം നോക്കിയിട്ടാണ് സർക്കിളാഫീസ് അനുവദിക്കുന്നതെങ്കിൽ മലപ്പുറം ജില്ലയിലെ കൺസ്യൂമേഴ്സിന്റെ എണ്ണം നോക്കിയാൽ ഒരു സർക്കിൾ ഓഫീസിന് സാദ്ധ്യതയുണ്ട്. അതു അനുവദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർക്കിളാഫീസുകൾ കൂടുതൽ വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതു സംബന്ധിച്ച് അന്തിമമായ തീരുമാനം എടുത്തിട്ടില്ല. തീരുമാനമെടുക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: കാസർകോട് ഒരു സർക്കിളാഫീസ് സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. അതു സ്ഥാപിച്ചോ? ഇല്ലെങ്കിൽ എന്തുകൊണ്ട് സ്ഥാപിച്ചില്ല? അതിന്റെ പണി ഏതുവരെയായി?

ശ്രീ. ടി. എം. ജേക്കബ്: ചില പുതിയ സർക്കിളാഫീസുകൾ വേണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. അതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. തീരുമാനമെടുക്കുന്ന മുറയ്ക്ക് കാസർകോടിന്റെ പ്രശ്നം പ്രത്യേകമായിട്ട് പരിഗണിക്കുന്നതാണ്.

ശ്രീ. വി. സി. കബീർ: വൈദ്യുതി വികസനത്തിന് ഇലക്ട്രിക് പോസ്റ്റ് ഇടേണ്ടത് അനിവാര്യമാണ്. ഇപ്പോൾ പാലക്കാട് വാളയാറിൽ വാർക്കുന്ന പോസ്റ്റുകളിൽ നിന്നാണ് മലപ്പുറത്തേക്ക് കൊണ്ടുപോകുന്നത്. അതുകൊണ്ട് പാലക്കാട്ടെ ഒറ്റപ്പാലം, ഷൊർണൂർ, പട്ടാമ്പി, തൃത്താല, മണ്ണാർക്കാട്, ശ്രീകൃഷ്ണപുരം തുടങ്ങിയ സ്ഥലങ്ങളിൽ പോസ്റ്റുകൾ വാർക്കണമെന്ന നിർദ്ദേശം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ആ നിർദ്ദേശം പരിഗണിക്കുന്നതിന് ഗവൺമെന്റിന് വല്ല വിരോധവുമുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: ഗവൺമെന്റിന് യാതൊരു വിരോധവുമില്ല.

ശ്രീ. പന്തളം സുധാകരൻ: മഞ്ചേരി സർക്കിളിന്റെ കീഴിൽപ്പെട്ട എന്റെ നിയോജകമണ്ഡലത്തിലെ തിരുവാലി പഞ്ചായത്ത് വൈദ്യുതീകരിക്കണമെന്നു ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 4 വർഷങ്ങൾക്കുമുമ്പ് പണി ആരംഭിച്ചത്. അവിടത്തെ നിയമസഭാംഗമായ ഞാൻ നിരാഹാരസമരമുൾപ്പെടെ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് അവിടെ വൈദ്യുതീകരിക്കാനുള്ള നടപടികൾ ബോർഡിൽനിന്നുണ്ടായത്. എന്നാൽ കമ്പികൊണ്ടിടുമ്പോൾ പോസ്റ്റില്ല. പോസ്റ്റ് കൊണ്ടിടുമ്പോൾ കമ്പിയില്ല. കമ്പിയും പോസ്റ്റും കൊണ്ടിടുമ്പോൾ ഫ്യൂസില്ല. ഇത്തരത്തിൽ ഞങ്ങളെ ആക്ഷേപിക്കുന്ന സ്ഥിതിയാണ് പാലക്കാട് സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽനിന്നും സ്റ്റോറിൽനിന്നുമുള്ള പ്രവൃത്തി. അതുകൊണ്ട് മഞ്ചേരി കേന്ദ്രമാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്റ്റോർ ഇലക്ട്രിസിറ്റി ബോർഡിന്റെ അഭിമുഖ്യത്തിൽ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്. തിരുവാലി പഞ്ചായത്തും മലപ്പുറം ജില്ല മുഴുവനും വോൾട്ടേജ് ക്ഷാമമുള്ള പ്രദേശമാണ്. അതോടുകൂടി അവിടത്തെ വോൾട്ടേജ് ക്ഷാമവും പരിഹരിക്കണം. തിരുവാലി പഞ്ചായത്തു വൈദ്യുതീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഡിസ്ട്രിബ്യൂഷൻ സബ്സ്റ്റേഷൻ മഞ്ചേരിയിൽ ഇപ്പോൾത്തന്നെ ഒരെണ്ണം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം ഇപ്പോൾത്തന്നെ നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ ആവശ്യം, അദ്ദേഹം പറഞ്ഞ ഒരു പ്രദേശം വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല, അതിന് മെറ്റീരിയൽസിന്റെ അഭാവമാണ്. മെറ്റീരിയൽസ് കൊടുക്കണമെന്നതാണ്. അത് പ്രത്യേകമായിട്ട് പരിശോധിച്ച് അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

Dr. A. Subha Rao: There was a store in Kasargod. Kasargod division serves a large area and there is a plenty of pending connections. After Shri R. Balakrishna Pillai had reassumed his Office as the Minister for Electricity, that store was abolished. May I know whether you will start a store in Kasargod division and whether you will have to wait for the resignation of Shri R. Balakrishna Pillai to start again a store in Kasargod?

ശ്രീ. ടി. എം. ജേക്കബ്: കാസർകോട് ഇപ്പോൾത്തന്നെ ഒരു സ്റ്റോർ ഉണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, ഡിവിഷന്റെ കീഴിൽ ഡിസ്ട്രിബ്യൂഷൻ സ്റ്റോറുണ്ട്. ഡിസ്ട്രിബ്യൂഷൻ സബ്സ്റ്റേഷനുകൾ അഞ്ചെണ്ണം. നമ്മുടെ സ്റ്റോറിൽ നിലവിലുണ്ട്. പത്തനംതിട്ട, ഇടുക്കി, മഞ്ചേരി, കൽപ്പറ്റ, കാസർകോഡ് എന്നിവിടങ്ങളിലാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് കാസർകോഡുണ്ടായിരുന്ന ഡിസ്ട്രിബ്യൂഷൻ സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുമോയെന്നാണ്. പുനഃസ്ഥാപിക്കേണ്ട ആവശ്യമില്ല. ഇപ്പോൾത്തന്നെ ആ സബ്സ്റ്റേഷൻ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരുപക്ഷേ ആ സബ്സ്റ്റേഷനിലെ മെറ്റീരിയൽസിന്റെ കുറവായിരിക്കാം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. അങ്ങനെയാണെങ്കിൽ ആ സ്റ്റോറിലേക്കും ആ പ്രദേശത്തിന്റെ ആവശ്യകതയനുസരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ മെറ്റീരിയൽസ് കൊടുക്കുന്നതാണ്.

Dr. A. Subha Rao: No, that is not correct. That Office has been shifted to Cannanore and the statement given by the Minister is untrue.

ശ്രീ. ടി. എം. ജേക്കബ്: അത് ശരിയല്ല. അവിടെ ആ സ്റ്റോർ ഉണ്ട്. അവിടെ അത് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർക്കിളാഫീസ് പ്രവർത്തിക്കുന്ന പാലക്കാട് ജില്ലയിൽ എത്ര സ്റ്റോറുകളാണ് ഇപ്പോൾ നിലവിലുള്ളത്? അവിടെ ആവശ്യമായ മെറ്റീരിയൽസില്ല. വിശേഷിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റുകൾ ഇല്ല എന്ന കാരണത്താൽ ഒരു പുതിയ വർക്കും എടുക്കാൻ കഴിയുന്നില്ല എന്നാണ് പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റിയുടെ ഉപദേശകസമിതിയോഗം കൂടിയപ്പോൾ എഞ്ചിനീയർമാർ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ബഹുമാനപ്പെട്ട വി. സി. കബീർ പറഞ്ഞത്, ഷൊർണ്ണൂർ, പട്ടാമ്പി, ഒറ്റപ്പാലം, തൃത്താല, ശ്രീകൃഷ്ണപുരം തുടങ്ങിയ മേഖലകളിൽ, ഭാരതപ്പുഴയുടെ സമീപപ്രദേശങ്ങളിൽ പോസ്റ്റ് വാർക്കുന്നതിന് ആവശ്യമായ ഗവൺമെന്റ് നിർദ്ദേശം വേണമെന്ന്. അങ്ങനെ ഒരു നിർദ്ദേശം ഉപദേശകസമിതി അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന് ഒരു വിരോധവും ഇല്ല എന്ന് മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ആ പ്രദേശങ്ങളിൽ അടിയന്തിരമായി പോസ്റ്റ് വാർക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുമോയെന്നും, ആ നിർദ്ദേശം നടപ്പിലാക്കുന്നതിന് കാലപരിധി നിശ്ചയിക്കുമോ എന്നും പറയുമോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം രണ്ടു ചോദ്യം ചോദിച്ചു. ആദ്യത്തേത് പാലക്കാട് സർക്കിളിൽ സ്റ്റോറർ ഉണ്ടോയെന്നുള്ളതാണ്. പാലക്കാട് ഒരു ഡിസ്ട്രിബ്യൂഷൻ സർക്കിളും സ്റ്റോറർ പ്രവർത്തിക്കുന്നുണ്ട്. രണ്ടാമത്, അദ്ദേഹം സൂചിപ്പിച്ച പ്രദേശങ്ങൾക്ക് ആവശ്യമായിട്ടുള്ള പോസ്റ്റ് ലഭ്യമാക്കുന്നതിന് വേണ്ടിയിട്ട് അവിടെ ഒരു കാസ്റ്റിങ്ങ് യൂണിറ്റ് ആരംഭിക്കുമോയെന്നതാണ്. അക്കാര്യത്തിൽ ഈ സാമ്പത്തികം വർഷം കഴിയുമ്പോഴേക്കും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദാലി: കാസർകോഡ് മേഖലയിലെ പല ഭാഗങ്ങളിലും വോൾട്ടേജ് കുമ്മി കാരണം രാത്രികാലങ്ങളിൽ കുട്ടികൾക്ക് പഠിക്കാൻകൂടി സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി ട്രാൻസ്ഫോർമറുകൾക്ക് കപ്പാസിറ്റി കൂട്ടുകയും അതുപോലെതന്നെ മറ്റ് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്ന കാര്യത്തിൽ കാസർകോഡിന് മുൻഗണന നൽകുകയും ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വോൾട്ടേജ് ഇംപ്രൂവ്മെന്റിന് മുൻഗണന നൽകിയിട്ടുണ്ട്. കാസർകോഡ് പ്രദേശത്തിന്റെ കാര്യം പ്രത്യേകമായിട്ട് പരിഗണിക്കാം.

ശ്രീ. എ. ജിനദേവൻ: ഇടുക്കി ജില്ലയിൽ ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിൽ പെടുത്തി പണികഴിപ്പിച്ചിട്ടുള്ള പി. എച്ച്. സെൻററുകൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതുകൊണ്ട് തുറക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വരൾച്ചക്കാലത്ത് പണിതീർത്ത അനേകം കുഴൽക്കിണറുകൾക്കും കണക്ഷൻ കിട്ടിയിട്ടില്ല. അതുകൊണ്ട് ഈ പറഞ്ഞ പി. എച്ച്. സെൻററുകൾക്കും കുഴൽക്കിണറുകൾക്കും കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് അതിനാവശ്യമായ മെറ്റീരിയൽസ് ഈ സ്റ്റോറുകളിൽക്കൂടി കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: വിദ്യുച്ഛക്തി കണക്ഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ആദ്യത്തെ ചോദ്യത്തിന് ഞാൻ മറുപടി പറയുകയുണ്ടായി, അതുകൊണ്ട് ആ മറുപടി റിപ്പീറ്റ് ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ല. ഈ സ്റ്റോറുകൾ വഴി കഴിയുന്നിടത്തോളം മെറ്റീരിയൽസ് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ച്, ഓരോ പ്രദേശത്തിന്റെയും ആവശ്യകതയനുസരിച്ച് അതാത് സ്റ്റോറുകളിൽ മെറ്റീരിയൽസ് എത്തിക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: സ്റ്റോർകീപ്പർമാരും ബോർഡും തമ്മിലുള്ള തർക്കത്തെത്തുടർന്ന് പൊതുജനങ്ങൾ മെറ്റീരിയൽസ് ലഭിക്കാതെ വളരെയേറെ കഷ്ടപ്പെടുകയാണ്. സ്റ്റോറുകളിലൂടെ ആയിരുന്നാലും എഞ്ചിനീയർമാർ മുഖേന ആയിരുന്നാലും പൊതുജനങ്ങൾക്ക് ആവശ്യമായ മെറ്റീരിയൽസ് എത്തിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്റ്റോർകീപ്പർമാരും ബോർഡും തമ്മിൽ തർക്കമൊന്നുമില്ല. സ്റ്റോറുകൾ നിലവിലുണ്ട്. കോടതിയുടെ താൽക്കാലികമായ ഒരു വിധി അനുസരിച്ച് അവരവിടെ തുടരുകയും ചെയ്യുന്നുണ്ട്. മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ച് സ്റ്റോറുകൾ വഴി അത് സംഭരിക്കുന്നതിനും അത് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ഇപ്പോഴത്തന്നെ സ്വീകരിച്ചിട്ടുണ്ട്. അത് കാര്യക്ഷമമായി നടത്തുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇലക്ട്രിസിറ്റി ബോർഡുകളിലെ സ്റ്റോറുകളിൽ വേണ്ടത്ര ബന്ധവസ്സ് ഇല്ലാത്തതിനാൽ ധാരാളം മോഷണങ്ങൾ നടക്കുന്നുണ്ട്. മോഷണങ്ങളുടെ മറവിൽ ഉദ്യോഗസ്ഥൻമാർ വളരെയധികം ക്രമക്കേടുകൾ കാണിക്കുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാനിവിടെ 41 സ്റ്റോറുകളെക്കുറിച്ച് പറഞ്ഞു. 41 സ്റ്റോറുകളും ഭദ്രമായിട്ടുതന്നെ കൊണ്ടുപോകണം എന്നാണ് ബോർഡ് തീരുമാനിച്ചിട്ടുള്ളത്. അവിടെ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ, ചില സ്ഥലങ്ങളിൽ മോഷണങ്ങളൊക്കെ നടക്കുന്നുണ്ട് എന്നുള്ള ആക്ഷേപങ്ങൾ വന്നപ്പോൾ അത് പ്രത്യേക പരിശോധനക്ക് വിധേയമാക്കുകയും അതിന്റെ കാരണങ്ങൾ കണ്ടെത്തുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ചില സ്ഥലങ്ങളിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചപോലുള്ള ചില പോരായ്മകൾ ഉണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള: ചെങ്ങന്നൂരിൽ, ലൈറ്റിട്ടാൽ ഫിലമെന്റുപോലും കാണാൻ വയ്യാത്ത സ്ഥിതിയാണ്. മിന്നാമിനുങ്ങിന് അതിനെക്കാളും വെട്ടമുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമറുകൾ മാറണം എന്നുപറഞ്ഞ് സ്റ്റോറുകളെ സമീപിക്കുമ്പോൾ, സ്റ്റോറുകളിൽ മെറ്റീരിയൽസിന്റെ ക്ഷാമമുണ്ട്. അത് പരിഹരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്റ്റോറുകളിലെ മെറ്റീരിയൽസിന്റെ ക്ഷാമംകൊണ്ട് ബംബുകൾ നന്നായി പ്രകാശിക്കാതെയിരിക്കുന്നില്ല. അത് വോൾട്ടേജ് കുറവായതുകൊണ്ടാണ്. വോൾട്ടേജ് ഇംപ്രൂവ്മെന്റിനു പ്രത്യേകമായിട്ടുള്ള സ്കീം ഉണ്ട്. വോൾട്ടേജ് ഇംപ്രൂവ്മെന്റിനു കൂടുതൽ പരിഗണനയും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തീർക്കേണ്ട ജോലികളും, ആർ. ഇ. സി. സ്കീമിലുള്ള ജോലികൾപോലും മെറ്റീരിയൽസ് കിട്ടാതെ സ്തംഭനത്തിലാണ്. അതുകൊണ്ട് ആർ. ഇ. സി. സ്കീമിലുള്ള വർക്കുകൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് പ്രത്യേകമായ അനുമതി നൽകുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ആദ്യം പറഞ്ഞ മറുപടിയിൽ അതിന് ഉത്തരം പറയുകയുണ്ടായി. അതനുസരിച്ചുള്ള നടപടികളും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപോലുള്ള സ്കീമുകൾക്കാണ് ഇപ്പോൾ മുൻഗണന കൊടുത്തുകൊണ്ടിരിക്കുന്നത്. മുൻഗണനാപട്ടികയിൽ ഇതും പെട്ടിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിനുമുമ്പ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇല്ലെങ്കിൽ മറുപടി പറയുന്നത് ശ്രീ. കെ. എം. മാണി ആയിരുന്നു. ഇന്ന് അങ്ങാണ് ഇതിന് മറുപടി പറയുന്നത്. ഇനി ഇത് കൈകാര്യം ചെയ്യുന്നതും അങ്ങാണെന്ന് തോന്നുന്നു. ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ഭരണകക്ഷിയിലേയും, പ്രതിപക്ഷത്തേയും ആളുകൾ ധാരാളം വിമർശനങ്ങൾ നടത്തി. അതെല്ലാം പരിഗണിച്ച് ഒരു പുതിയ സമീപനം കൈക്കൊള്ളാൻ ബോർഡിനെ ഉപദേശിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: പുതിയ സമീപനത്തിന്റെ ആവശ്യം ഇല്ല. ഇപ്പോഴുള്ള സമീപനംതന്നെ ഭംഗിയായിട്ട് പോകുന്നുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ്

*517 [551] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, സി. ടി. കൃഷ്ണൻ:
,, ടി. എസ്. ജോൺ:
,, സി. എഫ്. തോമസ്:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് റയിൽവേ ചരക്കു കൂലി കൂട്ടുന്നതു മൂലം നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുമോ;

(ബി) ഇതുമൂലം ഏതെല്ലാം സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിനു പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വിലക്കയറ്റത്തിനിടയാക്കുന്ന സാഹചര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): (എ) 1984-ലും 1985-ലും റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായതായി കാണുന്നില്ല. 1986-ൽ വർദ്ധിപ്പിച്ച കൂലി ഇതുവരെ അനുഭവത്തിൽ വന്നിട്ടില്ല. അതുകൊണ്ട് വില വർദ്ധനവിന്റെ കാര്യം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly